# മന്നത്തു പത്മനാഭന്റെ ദർശനങ്ങൾക്ക് പ്രസക്തിയേറുന്നു

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ദുർവ്യയങ്ങളിലും വഴുതിവീണ് തകർന്നടിഞ്ഞുകൊണ്ടിരുന്ന നായർ സമുദായത്തെ സ്വന്തം നേതൃപാടവത്താൽ നിരന്തരമായ പ്രവർത്തനത്തിലൂടെ സമുദ്ധരിച്ച കർമ്മയോഗിയായ, സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ 135-ാമത് ജയന്തി 2012 ജനുവരി 1, 2 തീയതികളിൽ പെരുന്ന മന്നം നഗറിൽ ആഘോഷിക്കുകയാണ്.

നമ്മുടെ രാജ്യത്തെ സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ അദ്ദേഹം വരുത്തിയ വിപ്ലവകരമായ പരിവർത്തനങ്ങളും, രാഷ്ട്രീയരംഗത്തെ കോളിളക്കങ്ങളും, സമുദായപുരോഗതിക്കായി നടപ്പാക്കിയ പരിഷ്ക്കാരങ്ങളും എല്ലാം സാഹസികവും അത്ഭുതകരവുമായിരുന്നു. തൊഴിൽരംഗത്തും, വിദ്യാഭ്യാസരംഗത്തും സർക്കാർ നൽകുന്ന സംവരണവും മറ്റാനുകൂല്യങ്ങളും ജാതിയുടെ അടിസ്ഥാനത്തിലാവരുത് എന്നും, സാമ്പത്തികപിന്നാക്കാവസ്ഥയുടെ അടിസ്ഥാനത്തിലാവണമെന്നുമുള്ള വിപ്ലവകരമായ ആവശ്യം ഗവണ്മെന്റിനു മുമ്പിൽ അരനൂറ്റാണ്ടിനുമുമ്പ് ഉന്നയിച്ചതും, പ്രചരണത്തിനും പ്രക്ഷോഭങ്ങൾക്കും നേതൃത്വം നൽകിയതും അതിലൊന്നുമാത്രമായിരുന്നു. അന്നും, ഈ നിലപാട് തെറ്റാണെന്നു പറഞ്ഞ് പരിഹസിച്ചവരാണ് ഭരണാധികാരികളും രാഷ്ട്രീയപാർട്ടികളുമെല്ലാം. ഇപ്പോൾ കുറ്റം ഏറ്റുപറഞ്ഞ് തിരുത്തേണ്ട സാഹചര്യത്തിൽ അവർ എത്തിനില്ക്കുന്നു. സാമൂഹ്യനീതിയുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണമാണ് ഇവിടെ വ്യക്തമാകുന്നത്.

ജീവിതകാലമത്രയും സ്വന്തം സാന്നിദ്ധ്യം കൊണ്ട് സമുദായത്തെ നയിച്ച അദ്ദേഹം, ജീവിതാന്ത്യത്തിനുശേഷം അദൃശ്യസാന്നിദ്ധ്യംകൊണ്ട് നമ്മെ നയിക്കുന്നു. സമുദായത്തിനു മാത്രമല്ല, സമൂഹത്തിനാകെയും രാജ്യത്തിനും വേണ്ടി തന്റെ അർപ്പിതമായ പ്രവർത്തനം, അദ്ദേഹത്തെ യഥാർത്ഥ സാമൂഹ്യപരിഷ്കർത്താവാക്കി മാറ്റി. എൻ.എസ്.എസ്സിനുവേണ്ടി അദ്ദേഹം സ്ഥാപിച്ചതും, അദ്ദേഹത്തിനുശേഷം സ്ഥാപിക്കപ്പെട്ടതുമായ വിദ്യാലയങ്ങളും കലാലയങ്ങളും ആതുരാലയങ്ങളുമെല്ലാം സമൂഹനന്മയ്ക്കായി ഇന്നും നിലകൊള്ളുന്നു.

നായർസമുദായത്തിന്റെ പുരോഗതിക്കായി അദ്ദേഹം പടുത്തുയർത്തിയ സർവീസ് സൊസൈറ്റിയുടെ ചിട്ടയായ പ്രവർത്തനം ഇന്നും ലക്ഷ്യംതെറ്റാതെ മുന്നേറുകയാണ്. മാത്രമല്ല, സമൂഹത്തിന്റെയും രാജ്യത്തിന്റെയും താൽപര്യസംരക്ഷണത്തിന് അദ്ദേഹം സ്വീകരിച്ച നിലപാടുകൾക്കും, ആദർശങ്ങൾക്കും ഭംഗം വരാതിരിക്കാനും സംഘടനാനേതൃത്വം പ്രത്യേകം ശ്രദ്ധിക്കുന്നു.

അദ്ദേഹം അനുഭവിച്ച ത്യാഗങ്ങൾ എന്തൊക്കെയായിരുന്നുവെന്നും, അത് എന്തിനുവേണ്ടിയായിരുന്നു എന്നും, പ്രത്യുപകാരമായി നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ളതും ആണ് സമുദായം ഇപ്പോൾ ചിന്തിക്കേണ്ടത്. 'എന്റെ ദേവനും ദേവിയും നായർ സർവീസ് സൊസൈറ്റിയാണ്' എന്ന അദ്ദേഹത്തിന്റെ മന്ത്രം ഏറ്റുചൊല്ലാൻ നമുക്ക് കഴിയണം. അതുമാത്രമല്ല, അതിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് സംഘടനയ്ക്കും സമുദായത്തിനും വേണ്ടി ഐക്യത്തോടെ പ്രവർത്തിക്കാനും കഴിയണം. എങ്കിൽമാത്രമേ അദ്ദേഹത്തോട് നീതി പുലർത്തി എന്ന് പറയാനാകൂ.

സമുദായത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്നതും, വീണ്ടും അധഃപതനത്തിലേക്കു തള്ളിവിടുന്നതുമായ ചില ദുർവ്യയങ്ങൾ ഇന്നും വിടാതെ നമ്മെ പിന്തുടരുകയാണ്. ഉത്സവാഘോഷങ്ങൾ നടത്തിയും, ഭക്തിയുടെ മറവിൽ നടക്കുന്ന തട്ടിപ്പുകളിൽ ഇരകളായും, വിവാഹാദികർമ്മങ്ങൾക്കുള്ള ദുർവ്യയങ്ങളിൽ കുടുങ്ങിയും സമുദായം ഇപ്പോഴും നട്ടംതിരിയുകയാണ്. അതിൽനിന്നൊരു മോചനമാണ് നമുക്കാവശ്യം. വിവാഹധൂർത്താണ് വലിയ വിപത്തായി മാറിയിരിക്കുന്നത്. മറ്റു മതസ്ഥരുടെ സംസ്കാരം പോലും കടമെടുത്ത് ഇക്കാര്യത്തിൽ കേമന്മാരാകാൻ ശ്രമിക്കുന്നവർ നമ്മുടെയിടയിൽ ധാരാളമുണ്ട്. ചുരുങ്ങിയ തോതിൽ, മാന്യമായി നടക്കേണ്ട ഇത്തരം ചടങ്ങുകൾക്ക് അനാവശ്യമായി പണം ചെലവഴിച്ച് ഖ്യാതി നേടാൻ ശ്രമിക്കുമ്പോൾ, ന്യായമായ ആവശ്യങ്ങൾക്ക് കരുതിയിട്ടുള്ള പണമാണ് നഷ്ടപ്പെടുത്തുന്നതെന്നോ, കടം വരുത്തിവച്ച് സ്വയം നശിക്കുകയാണെന്നോ ഉള്ള വിചാരം നമുക്കുണ്ടാവണം. തന്നെയുമല്ല, അത് മറ്റുള്ളവരെക്കൂടി ഈ കെണിയിൽ വീഴാൻ നിർബന്ധിതരാക്കുന്നു എന്ന വിചാരവും വേണം. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും, ദുർവ്യയങ്ങൾക്കും എതിരെ പടപൊരുതി വിജയിക്കണമെന്നാണ് സമുദായാചാര്യൻ നമ്മെ പഠിപ്പിച്ചത്. മഹത്തായ ആ ദർശനങ്ങൾക്കാണ് ഇക്കാലത്ത് പ്രസക്തിയേറുന്നത്.

സമുദായത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി ആ മഹാനുഭാവൻ സ്വീകരിച്ച ഇത്തരം നിലപാടുകളും, മഹത്തായ ദർശനങ്ങളും നമ്മുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാകട്ടെ. അതിന്, അദ്ദേഹത്തിന്റെ ഓരോ ജന്മദിനവും നമുക്ക് ആവേശം പകരട്ടെ.